<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 807</u> <u>29-08-2022 - ൽ മറുപടിയ്ക്ക്</u>

<u>പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി നൽകി വരുന്ന ധനസഹായം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി നൽകി വരുന്ന ധനസഹായം പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനിർമ്മാണത്തിനായി 4 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങൾക്കുള്ളിൽ അനുവദിക്കുന്ന വീടുകൾക്ക് 6 ലക്ഷം രൂപ നിരക്കിലും, പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്ന ഗുണഭോക്താവിന് 4 ലക്ഷം രൂപയും, അതീവ ദുർഘട പ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി തുകയുടെ 20% തുക വരെ അധികമായും അനുവദിച്ചു വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായം 6 ലക്ഷം രൂപ നിരക്കിൽ ഏകീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും കൂലി വർദ്ധനവും ഊരുകളിലേക്ക് സാമഗ്രികൾ എത്തിക്കുന്നതിനുള്ള അമിത നിരക്കും കാരണം ഭവന നിർമ്മാണച്ചെലവ് ഭീമമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് നൽകി വരുന്ന ഭവന നിർമ്മാണ ധനസഹായ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനിർമ്മാണത്തിനായി 4 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങൾക്കുള്ളിൽ അനുവദിക്കുന്ന വീടുകൾക്ക് 6 ലക്ഷം രൂപ നിരക്കിലും, പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്ന ഗുണഭോക്താവിന് 4 ലക്ഷം രൂപയും, അതീവ ദുർഘട പ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി തുകയുടെ 20% തുക വരെ അധികമായും അനുവദിച്ചു വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായം 6 ലക്ഷം രൂപ നിരക്കിൽ |

| | | | |
|---|---|---|---|
| | | | ഏകീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി, പട്ടികവർഗ കുടുംബങ്ങൾക്കും ഭവനം നിർമ്മിച്ച് നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന ഭവനനിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നുണ്ട്. ഭവന നിർമ്മാണത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ